# പതിമൂന്നാം കേരള നിയമസഭ
## ഏഴാം സമ്മേളനം
## നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ – 2442
## 13.02.2013–ലെ മറുപടിക്ക്
## നൂറനാട് സബ്ട്രഷറിയിൽ ജീവനക്കാരെ നിയമിക്കാൻ നടപടി

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.ആർ.രാജേഷ് | | ബഹു: ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി<br>ശ്രീ. കെ.എം. മാണി |
| എ) | മാവേലിക്കര മണ്ഡലത്തിൽ അനുവദിച്ച നൂറനാട് സബ് ട്രഷറിയുടെ ഉദ്ഘാടനം കഴിഞ്ഞ് 6 മാസത്തിനു ശേഷവും മതിയായ ജീവനക്കാരെ റീ-ഡിപ്ളോയ്മെന്റിലൂടെ ലഭ്യമായിട്ടില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ആലപ്പുഴ ജില്ലയിലെ മാവേലിക്കര മണ്ഡലത്തിൽ അനുവദിച്ച നൂറനാട് സബ് ട്രഷറിയുടെ പ്രവർത്തനത്തിന് ആവശ്യമായ ജീവനക്കാരെ 10.09.2009 തീയതിയിലെ സ.ഉ (സാധാ) നം: 6170/09/ധന ഉത്തരവ് പ്രകാരം (ജൂനിയർ സൂപ്രണ്ട്, ട്രഷറർ, അക്കൗണ്ടന്റ്) പുനർ വിന്യാസത്തിലൂടെ നികത്തുന്നതിനും 29.03.2010 തീയതിയിലെ സ.ഉ (സാധാ) നം: 2501/2010/ധന ഉത്തരവ് പ്രകാരം (സബ് ട്രഷറി ഓഫീസർ, പ്യൂൺ, പാർട്ട്ടൈം സ്വീപ്പർ) പുതുതായി സൃഷ്ടിക്കുന്നതിനും സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ട്. |
| ബി) | എങ്കിൽ ആവശ്യമായ ജീവനക്കാരെ നിയമിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; | |
| സി) | പ്രസ്തുത ട്രഷറി ബാങ്കിംങ്ങാക്കി മാറ്റുന്നതിനുള്ള അടിയന്തിര നടപടി സ്വീകരിക്കുമോ ? | പ്രസ്തുത ട്രഷറി ബാങ്കിംങ്ങാക്കി മാറ്റുന്നതിനുള്ള നടപടികൾ ട്രഷറി ഡയറക്ടർ സ്വീകരിച്ചു വരുന്നുണ്ട് |

സെക്ഷൻ ഓഫീസർ